8. ജപ്തി എപ്പോൾ ചെയ്യണമെന്ന്—(1) കേന്ദ്രപണയ ബാങ്കിൻെറയോ പ്രൈമറി പണയ ബാങ്കിൻെറയോ പേർക്ക് എഴുതിക്കൊടുത്ത ഒരു പണയ പ്രകാരം അടയ്ക്കേണ്ട ഏതെങ്കിലും ഗഡുവോ, ഗഡുവിൻെറ വല്ല ഭാഗമോ, അതു കൊടുക്കേണ്ടിയിരുന്ന തീയതി മുതൽക്ക് ഒരു മാസത്തിലധികം കാലം കൊടുക്കാതെയിരിക്കുന്നതായാൽ, ബോർഡിന്നോ, കമ്മററിക്കോ, അവർക്കു ലഭ്യമായ മറെറതെങ്കിലും പരിഹാരത്തിനു പുറമെ, രജിസ്ട്രാർക്കോ 1951-ലെ തിരുവിതാംകൂർ-കൊച്ചി പരസ്പരസഹായസംഘ ആക്ററ് 3-ാംവകുപ്പു പ്രകാരമോ, 1932-ലെ മദിരാശി പരസ്പരസഹായസംഘ ആക്ററ് 3-ാം വകുപ്പു പ്രകാരമോ, ഗവൺമെൻറ് നിയമിക്കുന്ന മറെറതെങ്കിലും ആൾക്കോ, പണയപ്പെടുത്തിയ ഭൂമിയുടെ ഉല്പന്നം, അതിലുള്ള കൊയ്യാത്ത വിള സഹിതം ജപ്തിചെയ്ത് വിററ് ആ ഗഡുവോ, ഭാഗമോ വസൂലാക്കുന്നതിനു രജിസ്ട്രാരെ

സഹായിക്കുവാൻ അപേക്ഷ ബോധിപ്പിക്കാവുന്നതാണ്. ആ അപേക്ഷ കിട്ടുന്നതോടു കൂടി, രജിസ്ട്രാർക്കോ, അങ്ങനെയുള്ള മററു ആഫീസർക്കോ, 1882-ലെ വസ്തു കൈമാററ ആക്ററിൽ (1882-ലെ 4-ാം സെൻട്രൽ ആക്ററ്) എന്തുതന്നെ അടങ്ങിയിരുന്നാൽ കൂടി, അങ്ങനെയുള്ള ഉല്പന്നം ജപ്തിചെയ്തു് വില്ക്കുന്നതിനു ആവശ്യമായ നടപടി എടുക്കാവുന്നതാണ്.

എന്നാൽ ഗഡു കൊടുക്കേണ്ടതായി വരുന്ന തീയതി മുതൽക്കു 12 മാസം കഴിഞ്ഞതിനു ശേഷം, യാതൊരു ജപ്തിയും ചെയ്യാൻ പാടുള്ളതല്ല.

(2) ജപ്തി കൂടുതലാകാൻ പാടുള്ളതല്ല; ജപ്തിചെയ്ത വസ്തുവിന്റെ വില, കഴിയുന്നിടത്തോളം, കൊടുക്കേണ്ട സംഖ്യ, ജപ്തിച്ചെലവു്, വില്പനച്ചെലവു് എന്നിവയ്ക്കു ഇച്യമായ സംഖ്യയായിരിക്കേണ്ടതാണ്.

9. <u>എങ്ങിനെ ജപ്തിചെയ്യണമെന്നു്.</u>—(1) 8-ാം വകുപ്പു പ്രകാരം ജപ്തി ചെയ്യുന്നതിനു മുമ്പോ, ചെയ്യുന്ന സമയത്തോ, ജപ്തിക്കാരൻ, ഏതു സംഖ്യക്കു വേണ്ടി ജപ്തി ചെയ്യുന്നുവോ ആ സംഖ്യ നിർണ്ണയിച്ചുകൊണ്ടു് രേഖാമൂലമുള്ള ഒരു ഡിമാൻറു് വീട്ടുകാരന്റെ പേരിൽ നടത്തുകയോ നടത്തിക്കുകയോ ചെയ്യേണ്ടതാണ്.

(2) ജപ്തിക്കാരൻ ഡിമാൻറിൽ തീയതി വച്ചു് ഒപ്പിടേണ്ടതും, വീട്ടുകാരനോ, അയാളുടെ കുടുംബത്തിലെ പ്രായപൂർത്തിയെത്തിയ പുരുഷാംഗത്തിനോ, അയാളുടെ സാധാരണ താമസസ്ഥലത്തോ, അയാളുടെ അധികൃത ഏജൻറിനോ ഒരു പകർപ്പു് ഏല്പിച്ചുകൊണ്ടു്, വീട്ടുകാരന്റെ മേൽ ഡിമാൻറു് നടത്തേണ്ടതും, അല്ലെങ്കിൽ അങ്ങിനെ നടത്തുവാൻ സാധിക്കാതെ വരുമ്പോൾ, ഡിമാൻറിന്റെ ഒരു പകർപ്പു് അയാളുടെ താമസസ്ഥലത്തിന്റെയോ, പണയവസ്തുവിന്റെയോ, പ്രകടമായ വല്ല ഭാഗത്തും പതിച്ചുകൊണ്ടു് നടത്തേണ്ടതുമാകുന്നു.

10. <u>ജപ്തിവസ്തുവിന്റെ വില്പന.</u>—(1) 9-ാം വകുപ്പിൽ പരാമൃഷ്ടമായ ഡിമാൻറു് നടത്തിയ തീയതി മുതൽക്കു് പതിനഞ്ചു ദിവസത്തിനുള്ളിൽ, ഏതു സംഖ്യക്കുവേണ്ടി ജപ്തി നടത്തിയോ ആ സംഖ്യ, വീട്ടുകാരൻ കൊടുക്കാതിരുന്നാൽ, ജപ്തിക്കാരനു് ജപ്തിവസ്തുവോ അല്ലെങ്കിൽ ഡിമാൻറും, ജപ്തിച്ചെലവും, വില്പനച്ചെലവും വീട്ടുന്നതിനു തന്റെ അഭിപ്രായത്തിൽ ആവശ്യമെന്നു തോന്നുന്ന അതിന്റെ ഭാഗമോ ലേലം മൂലം വില്ക്കാവുന്നതാണ്.

(2) അങ്ങിനെ വിററു കിട്ടുന്ന സംഖ്യയിൽ നിന്നു്, ഗവണ്മെൻറു് അതതു സമയം നിശ്ചയിക്കാവുന്ന നിരക്കിൽ, വില്പനച്ചെലവുകൾക്കായി ഒരു കിഴിവു് നടത്തേണ്ടതാകുന്നു.

(3) ബാക്കി സംഖ്യയിൽ നിന്നു്, ജപ്തിക്കാരനു് ജപ്തിമൂലം നേരിടുന്ന ചെലവുകൾ കുറയ്ക്കേണ്ടതാകുന്നു.

(4) ഇനിയും വല്ല സംഖ്യയും ബാക്കി വരുന്നതായാൽ അതു്, ഏതു സംഖ്യക്കുവേണ്ടി ജപ്തി നടത്തിയോ ആ സംഖ്യ വീട്ടുവാൻ ഉപയോഗിക്കേണ്ടതാണ്.

(5) ശേഷം വല്ല സംഖ്യയുമുണ്ടാകുന്നതായാൽ അതു് ഏതാളുടെ വസ്തു വില്ക്കപ്പെട്ടുവോ ആ ആൾക്കു് ഏല്പിച്ചു കൊടുക്കേണ്ടതും, വിററു കിട്ടിയ സംഖ്യയിൽ നിന്നു്, വീട്ടിയ സംഖ്യയ്ക്കു് ഒരു രസീതു് അയാൾക്കു നൽകേണ്ടതുമാകുന്നു.

11. <u>ചട്ടങ്ങളുണ്ടാക്കുവാൻ ഗവണ്മെൻറിനുള്ള അധികാരം.</u>—ഗവണ്മെൻറിനു് ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾക്കു് വിരുദ്ധമല്ലാതെ—(i) ജപ്തി ചെയ്യുന്ന രീതിക്കും;

(ii) ജപ്തി വസ്തുവിന്റെ സൂക്ഷിപ്പിനും, സംരക്ഷണത്തിനും, വില്പനക്കും;

(iii) വീട്ടുകാരൻ അല്ലാതെയുള്ളവർ, ജപ്തിവസ്തുവിൽ വല്ല അവകാശമോ, അവകാശബന്ധമോ സംബന്ധിച്ചു ചെയ്യുന്ന തർക്കങ്ങളെപ്പററി അന്വേഷണം നടത്തുന്നതിനും, അങ്ങിനെയുള്ള അന്വേഷണം നടത്തുന്നതുവരെ വില്പന നീട്ടുന്നതിനും;

(iv) നശ്വര സാധനങ്ങളുടെ സത്വര വില്പനക്കും;

(v) ജപ്തിവസ്തുക്കളുടെ വില്പനച്ചെലവുകൾക്കായി ചെയ്യുന്ന കിഴിവുകളുടെ നിരക്കുകൾ നിശ്ചയിക്കുന്നതിനും.

(vi) ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ സാമാന്യമായി നിറവേറ്റുന്നതിനും ചട്ടങ്ങളുണ്ടാക്കാവുന്നതാകുന്നു.

അദ്ധ്യായം 4.

വില്പനാധികാരം.

12. വില്പനാധികാരം എപ്പോൾ വിനിയോഗിക്കണമെന്ന്.—(1) കോടതി ഇടപെടാതെയുള്ള വില്പനാധികാരം കേന്ദ്ര പണയബാങ്കിന്നോ, പ്രൈമറി പണയബാങ്കിന്നോ, പണയാധാരംമൂലം സ്പഷ്ടമായി നൽകപ്പെട്ടിട്ടുള്ള 1882-ലെ വസ്തുകൈമാറ്റ ആക്റ്റിൽ (1882-ലെ 4-ാം സെൻട്രൽ ആക്റ്റ്) എന്തുതന്നെ അടങ്ങിയിരുന്നാലും, അതതു സംഗതിപോലെ ബോർഡിന്നോ, പ്രൈമറി പണയബാങ്കിന്റെ കമ്മിറ്റിക്കോ അല്ലെങ്കിൽ ബോർഡോ, ആ കമ്മിറ്റിയോ അധികാരപ്പെടുത്തുന്ന ഏതെങ്കിലും ആൾക്കോ, പണയപ്പണമോ അതിന്റെ ഏതെങ്കിലും ഭാഗമോ കൊടുക്കുവാൻ വീഴ്ച വരുത്തുന്ന സംഗതിയിൽ, തങ്ങൾക്ക് ലഭ്യമായ മറ്റേതെങ്കിലും പരിഹാരത്തിനു പുറമേ, പണയവസ്തു കോടതിയുടെ ഇടപെടൽ കൂടാതെ, വില്പനയ്ക്കു കൊണ്ടുവരുവാനുള്ള അധികാരമുണ്ടായിരിക്കുന്നതാണ്.

(2) അങ്ങനെയുള്ള യാതൊരധികാരവും—

(എ) ബോർഡോ, ആ കമ്മിറ്റിയോ, കോടതിയുടെ ഇടപെടൽ കൂടാതെ വസ്തു എന്തുകൊണ്ടു വിറ്റുകൂടാ എന്നതിനു കാരണം കാണിക്കുവാൻ പണയക്കാരന്നോ പണയക്കാർക്കോ അവസരം നൽകാത്തപക്ഷവും,

(ബി) അങ്ങനെയുള്ള പണയപ്പണമോ അതിന്റെ ഭാഗമോ കൊടുക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് രേഖാമൂലമുള്ള നോട്ടീസ്—

(i) പണയക്കാരന്റെ മേലും അല്ലെങ്കിൽ പണയക്കാരിൽ ഓരോരുത്തരുടേയും മേലും;

(ii) പണയവസ്തുവിലോ, അതു വീണ്ടെടുക്കുവാനുള്ള അവകാശത്തിന്മേലോ വല്ല അവകാശമോ ബാദ്ധ്യതയോ ഉള്ള ഏതെങ്കിലും ആളുടെ മേലും;

(iii) പണയക്കടമോ അതിന്റെ ഏതെങ്കിലും ഭാഗമോ കൊടുക്കുന്നതിനുള്ള ഏതെങ്കിലും ജാമ്യക്കാരന്റെ മേലും;

(iv) തന്റെ എസ്റ്റേറ്റിന്റെ നടത്തിപ്പിന്നായുള്ള ഒരു വ്യവഹാരത്തിൽ, പണയവസ്തുവിന്മേൽ വില്പന ഡിക്രി വാങ്ങിയിട്ടുള്ള പണയക്കാരന്റെ ഏതൊരു ഉത്തമർണ്ണന്റെയും മേലും നടത്താത്തപക്ഷവും;

(സി) ആ പണയപ്പണമോ അതിന്റെ ഭാഗമോ, അങ്ങനെ നോട്ടീസ് നടത്തിയതിനു ശേഷം മൂന്നു മാസത്തോളം കൊടുക്കുവാൻ വീഴ്ച ചെയ്യാത്തപക്ഷവും, വിനിയോഗിക്കുവാൻ പാടില്ലാത്തതാകുന്നു.

എന്നാൽ (ബി) എന്ന ഖണ്ഡത്തിലെ (2)-ം, (4)-ം ഉപഖണ്ഡങ്ങൾ പ്രകാരം അങ്ങനെ നോട്ടീസ് കൊടുക്കുന്നതിനുള്ള ബാദ്ധ്യത ബോർഡിന്നോ, കമ്മിറ്റിക്കോ അങ്ങനെയുള്ള തേർച്ചകളെപ്പറ്റി നോട്ടീസ് കിട്ടിയ സംഗതികൾക്കു മാത്രം സംബന്ധിക്കുന്നതാകുന്നു:

എന്നുമാത്രമല്ല, ഒരു തറവാട്ടിലെയോ, ഇല്ലത്തിലെയോ, കുടുംബത്തിലെയോ അംഗങ്ങൾ ഒരു പണയം എഴുതിക്കൊടുക്കുന്നപക്ഷം, ഈ ഉപവകുപ്പുപ്രകാരമുള്ള നോട്ടീസ്, അതിലെ ഏറ്റവും സീനിയറായ മൂന്ന് അംഗങ്ങൾക്കു മാത്രം അയച്ചാൽ മതിയാവുന്നതാണ്.

13. വില്പനയ്ക്കുള്ള അപേക്ഷയും വില്പനയുടെ രീതിയും.—(1) 12-ാം വകുപ്പുപ്രകാരം നൽകപ്പെട്ട വില്പനാധികാരം നടത്തുന്നതിനു, അതതു സംഗതിപോലെ ബോർഡിന്നോ, കമ്മിറ്റിക്കോ, ബോർഡോ ആ കമ്മിറ്റിയോ മുറപോലെ അധികാരപ്പെടുത്തുന്ന മറ്റു വല്ല ആൾക്കോ, 21-ാം വകുപ്പുപ്രകാരം ആ ആവശ്യാർത്ഥം നിയമിക്കപ്പെടുന്ന വില്പനഉദ്യോഗസ്ഥനോട് പണയവസ്തുവോ അതിന്റെ ഏതെങ്കിലും ഭാഗമോ വില്ക്കുന്നതിന് അപേക്ഷിക്കാവു

ന്നതും, ആ ഉദ്യോഗസ്ഥൻ, 12-ാം വകുപ്പിൽ പരാമൃഷ്ടമായ എല്ലാപേർക്കും രേഖാമൂലമുള്ള നോട്ടീസ് നൽകിയതിനു ശേഷം, ആ വസ്തു നിർണ്ണയിക്കപ്പെട്ട വിധത്തിൽ വിൽക്കേണ്ടതുമാകുന്നു.

(2) വില്പന പരസ്യലേലംമൂലമായിരിക്കേണ്ടതും, പണയവസ്തു സ്ഥിതിചെയ്യുന്ന ഗ്രാമത്തിലോ, അല്ലെങ്കിൽ ഏററവും അടുത്ത പൊതുജന സങ്കേതസ്ഥലത്തുവച്ച് വസ്തു കൂടുതൽ ലാഭകരമായി വിററുകിട്ടാനിടയുണ്ടെന്നു വില്പന ഉദ്യോഗസ്ഥനു് അഭിപ്രായമുള്ളപക്ഷം ആ സ്ഥലത്തോ വച്ച് വില്പന നടത്തേണ്ടതുമാകുന്നു.

14. ഡിപ്പോസിററ ചെയ്താൽ വില്പന ദുർബ്ബലപ്പെടുത്താനുള്ള അപേക്ഷയും, ആ അപേക്ഷ ബോധിപ്പിക്കാതിരിക്കുകയോ തള്ളിക്കളയപ്പെടുകയോ ചെയ്യുമ്പോൾ വില്പന സ്ഥിരപ്പെടുത്തലും.—(1) പണയവസ്തു ഈ അദ്ധ്യായ പ്രകാരം വില്ക്കുമ്പോൾ, പണയക്കാരനോ അല്ലെങ്കിൽ അതിൽ അവകാശമോ അവകാശബന്ധമോ ഉണ്ടായിരിക്കുകയും, വില്പന ബാധിക്കുകയും ചെയ്യുന്ന ഏതെങ്കിലും ആൾക്കോ വില്പന തീയതി മുതൽക്കു മുപ്പതു ദിവസത്തിനുള്ളിൽ ഏതൊരു സമയത്തും, അതതു സംഗതിപോലെ ബോർഡിന്റെയോ പ്രൈമറി പണയബാങ്ക് കമ്മിററിയുടേയോ മുമ്പാകെ—

(എ) അതതു സംഗതിപോലെ കേന്ദ്ര പണയബാങ്കിന്നോ, പ്രൈമറി പണയബാങ്കിന്നോ കൊടുക്കുന്നതിന്നായി വില്പന സംബന്ധിച്ച വിളംബരത്തിൽ നിർണ്ണയിച്ച സംഖ്യ, അതിൽപ്പിന്നെ ഉണ്ടാകുന്ന പലിശയും, വസ്തു വില്പനയ്ക്കു കൊണ്ടുവരുന്നതുകൊണ്ടു ബാങ്കിനു ചെലവുകൾ വല്ലതും, നേരിട്ടിട്ടുണ്ടെങ്കിൽ അവയും സഹിതവും,

(ബി) ക്രേതാവിനു കൊടുക്കുന്നതിന്നായി ക്രയവിലയുടെ അഞ്ചു ശതമാനത്തിനു തുല്യമായ സംഖ്യയും; അതതു ബാങ്കിന്റെ ആഫീസിൽ ഡിപ്പോസിററ ചെയ്തുകൊണ്ട് വില്പന ദുർബ്ബലപ്പെടുത്തികിട്ടുവാൻ അപേക്ഷ ബോധിപ്പിക്കാവുന്നതാണ്.

(2) അങ്ങിനെ ഡിപ്പോസിററ ചെയ്യുന്നതായാൽ, അതതു സംഗതിപോലെ ബോർഡിന്നോ, കമ്മിററിക്കോ അതിന്റെ യുക്താനുസരണം വില്പന ദുർബ്ബലപ്പെടുത്തിക്കൊണ്ട് ഉത്തരവു പുറപ്പെടുവിക്കാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പു പ്രകാരം യാതൊരു അപേക്ഷയും ബോധിപ്പിക്കാത്തപക്ഷമോ, അപേക്ഷ ബോധിപ്പിക്കുകയും അനുവദിക്കാതിരിക്കുകയും ചെയ്യുന്നപക്ഷമോ അതതു സംഗതിപോലെ ബോർഡോ, കമ്മിററിയോ വില്പന സ്ഥിരപ്പെടുത്തുന്ന ഉത്തരവ് പുറപ്പെടുവിക്കുവാൻ ഡിപ്യൂട്ടി രജിസ്ട്രാരോടോ, ഇതുസംബന്ധിച്ച് ഗവണ്മെൻറ് അധികാരപ്പെടുത്തുന്ന മറെറതെങ്കിലും ഉദ്യോഗസ്ഥനോടോ അപേക്ഷിക്കേണ്ടതും, രജിസ്ട്രാരോ ആ ഉദ്യോഗസ്ഥനോ വില്പന സ്ഥിരീകരിക്കുന്നതോടുകൂടി അതു് പൂർണ്ണമാവുന്നതും, വസ്തു വില്ക്കപ്പെടുന്ന തീയതിമുതല്ക്കു വസ്തു ക്രേതാവിൽ നിക്ഷിപ്തമായതായി കരുതേണ്ടതുമാകുന്നു.

15. വിററുകിട്ടുന്ന സംഖ്യകൾ വിതരണം ചെയ്യൽ.—(1) ഈ അദ്ധ്യായപ്രകാരം ഓരോ വില്പനയിൽനിന്നും കിട്ടുന്ന സംഖ്യകൾ വില്പന ഉദ്യോഗസ്ഥൻ, ഒന്നാമതായി വില്പനയേയോ വില്പനയ്ക്കുള്ള വല്ല ശ്രമത്തേയോ സംബന്ധിച്ച് അതിലേക്ക് യഥാർത്ഥത്തിൽ നേരിട്ട എല്ലാ ചെലവുകളും, ചാർജ്ജുകളും, വ്യയങ്ങളും കൊടുക്കുന്നതിനും, രണ്ടാമതായി ഏതു പണയത്തിന്റെ ഫലമായി പണയവസ്തു വില്ക്കപ്പെട്ടുവോ ആ പണയം നിമിത്തം കൊടുക്കേണ്ട എല്ലാ പലിശയും കൊടുക്കുന്നതിനും; മൂന്നാമതായി പണയംനിമിത്തം കൊടുക്കേണ്ട മുതൽസംഖ്യ കൊടുക്കുന്നതിനും, ഉപയോഗിക്കേണ്ടതും ഒടുവിലായി, ബാക്കി വല്ല സംഖ്യയുമുണ്ടെങ്കിൽ അതു്, വില്പിക്കപ്പെട്ട വസ്തുവിൽ തനിക്ക് അവകാശബന്ധമുള്ളതായി തെളിയിക്കുന്ന ആൾക്കോ അങ്ങിനെയുള്ള ആളുകൾ ഒന്നിലധികമുണ്ടെങ്കിൽ, അപ്പോൾ അതിൽ അവർക്ക് യഥാക്രമമുള്ള അവകാശബന്ധങ്ങളനുസരിച്ചോ അവരുടെ കൂട്ടരസീതിന്മേലോ ആ ആളുകൾക്കോ കൊടുക്കേണ്ടതുമാകുന്നു.

(2) (എ) അപ്രകാരമുള്ള ശേഷിപ്പ് വിതരണം ചെയ്യുന്നതു സംബന്ധിച്ച് വില്പനഉദ്യോഗസ്ഥന്റെ തീർപ്പിൽ അസംതൃപ്തിയുണ്ടാകുന്ന ഏതൊരാൾക്കും, ആ തീർപ്പിനെപ്പററി അയാളെ അറിയിക്കുന്നതുമുതൽക്ക് മുപ്പതു ദിവസത്തിനുള്ളിൽ, അയാൾ തേർച്ചചെയ്യുന്ന അവകാശങ്ങൾ സ്ഥാപിക്കുവാൻ കോടതിയിൽ വ്യവഹാരം ബോധിപ്പിക്കാവുന്നതാകുന്നു.

(ബി) വില്പനഉദ്യോഗസ്ഥൻ, തന്റെ തീർപ്പ് സംബന്ധപ്പെട്ട എല്ലാ ആളുകളേയും അറിയിച്ചതിനു ശേഷം 30 ദിവസം കഴിയുന്നതുവരെയോ അങ്ങിനെയുള്ള വല്ല ആളും മേല്പറഞ്ഞ മുപ്പതു ദിവസത്തിനുള്ളിൽ വ്യവഹാരം ബോധിപ്പിക്കുകയും, അതിനെപ്പററി മുറപ്രകാരമുള്ള നോട്ടീസ് പണം കൊടുക്കുന്നതിനു മുമ്പ് അയാൾക്ക നൽകിയിരിക്കുകയും ചെയ്യുന്നതായാൽ, വ്യവഹാരം തീർപ്പാകുന്നതുവരെയോ, അല്ലെങ്കിൽ അതു സംബന്ധിച്ചുള്ള കോടതിയുടെ തീർപ്പനുസരിച്ചല്ലാതെയോ ആ ശേഷിപ്പ് വിതരണം ചെയ്യാൻ പാടുള്ളതല്ല.

(3) പണയഭൂമിയുടെ വില്പനയ്ക്കു ശേഷം വല്ല കമ്മിയും ഉണ്ടാകുന്നതായാൽ, അതും പണയക്കാരന്റെ മററു വല്ല മുതലുകളിൽനിന്ന് ഈ അദ്ധ്യായത്തിൽ വ്യവസ്ഥചെയ്ത വിധത്തിൽ വസൂലാക്കാവുന്നതാണ്.

വിശദീകരണം.—ഈ വകുപ്പിലും, 17-ാം വകുപ്പിലും "കോടതി" എന്നതിന്, പണയം ഉന്മജ്ജിതമാക്കാനുള്ള വ്യവഹാരം സ്വീകരിക്കുവാൻ അധികാരമുള്ളതും, ഏതു കോടതിയുടെ അധികാരാതിർത്തിക്കുള്ളിൽ വില്ക്കപ്പെട്ട വസ്തു സ്ഥിതിചെയ്യുന്നുവോ അങ്ങിനെയുള്ളതുമായ സിവിൽക്കോടതി എന്നർത്ഥമാകുന്നു.

16. ക്രേതാവിനുള്ള സാക്ഷ്യപത്രം.—പണയവസ്തുവിന്റെ വില്പന പൂർണ്ണമാവുമ്പോൾ, വില്പനഉദ്യോഗസ്ഥൻ വില്ക്കപ്പെട്ട വസ്തുവും, വില്പനസമയത്ത് ക്രേതാവായി പ്രഖ്യാപിക്കപ്പെടുന്ന ആളുടെ പേരും നിർണ്ണയിച്ചുകൊണ്ട് ഒരു സാക്ഷ്യപത്രം നൽകേണ്ടതാകുന്നു. ആ സാക്ഷ്യപത്രത്തിൽ വില്പന പൂർണ്ണമായിത്തീർന്ന തീയതി ഉണ്ടായിരിക്കേണ്ടതാണ്.

17. വസ്തു ക്രേതാവിന് ഏല്പിച്ചുകൊടുക്കൽ.—(1) വില്ക്കപ്പെട്ട പണയവസ്തു പണയക്കാരന്റെയോ, അയാളുടെ ആവശ്യാർത്ഥം വല്ല ആളുടേയോ, അല്ലെങ്കിൽ അതതു സംഗതിപോലെ കേന്ദ്ര പണയബാങ്കിന്റെയോ, പ്രൈമറി പണയബാങ്കിന്റെയോ പേരിൽ, പണയത്തിനു ശേഷം പണയക്കാരൻ സൃഷ്ടിച്ച ഒരു ചാർജ്ജല്ലാതെയുള്ള അവകാശം തേർച്ചചെയ്യുന്ന വല്ല ആളുടേയോ കൈവശത്തിലിരിക്കുകയും, അതുസംബന്ധിച്ചുള്ള സാക്ഷ്യപത്രം 16-ാം വകുപ്പു പ്രകാരം നൽകിയിരിക്കുകയും ചെയ്യുന്നപക്ഷം, കോടതി ക്രേതാവിന്റെ അപേക്ഷയിന്മേൽ, ആ ക്രേതാവിനോ അയാൾ തന്റെ ആവശ്യാർത്ഥം ഏററു വാങ്ങുന്നതിനു നിയമിക്കാവുന്ന ഏതെങ്കിലും ആൾക്കോ വസ്തുവിന്റെ കൈവശാവകാശം നൽകിക്കൊണ്ട് വസ്തു ഏല്പിച്ചുകൊടുക്കുവാൻ ഉത്തരവിടേണ്ടതാകുന്നു.

(2) വില്ക്കപ്പെട്ട വസ്തു ഒരു കുടിയാന്റെയോ, അതു കൈവശം വയ്ക്കുവാൻ അവകാശമുള്ള മററു ആളുടേയോ കൈവശത്തിലിരിക്കുകയും, അതു സംബന്ധിച്ച് 16-ാം വകുപ്പു പ്രകാരം സാക്ഷ്യപത്രം നൽകിയിരിക്കുകയും ചെയ്യുന്നപക്ഷം, കോടതി ക്രേതാവിന്റെ അപേക്ഷയിന്മേലും, ആ കുടിയാനോ, മററു ആൾക്കോ നോട്ടീസ് നൽകിയതിനു ശേഷവും വില്പന സംബന്ധിച്ച സാക്ഷ്യപത്രത്തിന്റെ പകർപ്പ് വസ്തുവിന്റെ പ്രകടമായ വല്ല സ്ഥലത്തും പതിച്ചുകൊണ്ടും, പണയക്കാരന്റെ അവകാശം ക്രേതാവിന് കൈമാററം ചെയ്തിരിക്കുന്നുവെന്ന് ചെണ്ടകൊട്ടിയോ, സൗകര്യമുള്ള ഏതെങ്കിലും സ്ഥലത്തുവച്ച് നാട്ടാചാരപ്രകാരമുള്ള മററു വിധത്തിലോ കൈവശക്കാരനെ അറിയാനായി വിളംബരപ്പെടുത്തിക്കൊണ്ടും വസ്തു ഏല്പിച്ചുകൊടുക്കുവാൻ ഉത്തരവിടേണ്ടതാണ്.

(3) 1908-ലെ സിവിൽനടപടിനിയമത്തോട് (1908-ലെ 5-ാം സെൻട്രൽ ആക്റ്റ്) ചേർത്ത ഒന്നാം പട്ടിക, 21-ാം ഉത്തരവിലെ 97 മുതൽ 103 വരെയുള്ള ചട്ടങ്ങളിലെ വ്യവസ്ഥകൾ, (1)-ഉം (2)-ഉം ഉപവകുപ്പുകളിൽ പ്രതിപാദിക്കപ്പെട്ട സംഗതികൾക്ക് ആവശ്യമായ ഭേദഗതികളോടുകൂടി സംബന്ധിക്കുന്നതാകുന്നു.

18. **പണയവസ്തു വില്പനസമയത്തു വാങ്ങുവാൻ കേന്ദ്രപണയബാങ്കിനോ പ്രൈമറി പണയബാങ്കിനോ ഉള്ള അവകാശം.**—ഈ അദ്ധ്യായപ്രകാരം വില്ക്കപ്പെടുന്ന പണയവസ്തു വാങ്ങുവാൻ കേന്ദ്ര പണയബാങ്കിനോ, പ്രൈമറി പണയബാങ്കിനോ അധികാരമുണ്ടായിരിക്കുന്നതും, എന്നാൽ അങ്ങിനെ വാങ്ങുന്ന വസ്തു, ബോർഡ് നിശ്ചയിക്കാവുന്ന കാലത്തിനുള്ളിൽ ആ ബാങ്ക് വില്പന മൂലം കയ്യൊഴിക്കേണ്ടതുമാകുന്നു.

19. **റിസീവരുടെ നിയമനവും അധികാരങ്ങളും.**—(1) ബോർഡിന്, സ്വമേധയായോ കേന്ദ്ര പണയബാങ്കിന്റെ ഏതെങ്കിലും ബ്രാഞ്ചിന്റെയോ പ്രൈമറി പണയബാങ്കിന്റെ കമ്മിററിയുടെയോ അപേക്ഷയിന്മേലോ, 12-ാം വകുപ്പിനാൽ നൽകപ്പെട്ട വില്പനാധികാരം വിനിയോഗിക്കാവുന്ന പരിതഃസ്ഥിതികളിൽ, പണയവസ്തുവിൽനിന്നുള്ള ഉല്പന്നത്തിനും വരുമാനത്തിനും അല്ലെങ്കിൽ അതിന്റെ വല്ല ഭാഗത്തിനും രേഖാമൂലം ഒരു റിസീവറെ നിയമിക്കാവുന്നതും, ആ റിസീവർക്ക് അതതു സംഗതിപോലെ വസ്തു ഏറെറടുക്കുവാനും അല്ലെങ്കിൽ അതിന്റെ ഉല്പന്നവും വരുമാനവും ശേഖരിക്കുവാനും, ബോർഡ് നിശ്ചയിക്കാവുന്ന പ്രകാരം അയാൾക്ക വല്ല പ്രതിഫലവുമുണ്ടെങ്കിൽ അതു് ഉൾപ്പെടെ, നടത്തിപ്പിന് അയാൾക്ക നേരിടുന്ന ചെലവുകൾ അയാൾ വസൂലാക്കുന്ന വല്ല പണത്തിൽ നിന്ന് എടുക്കുവാനും ബാക്കി, 1882-ലെ വസ്തുകൈമാററ ആക്റ്റ് (1882-ലെ 4-ാം സെൻട്രൽ ആക്റ്റ്) 69 (എ) എന്ന വകുപ്പ് (8)-ാം ഉപവകുപ്പിലെ വ്യവസ്ഥകളനുസരിച്ച് വിനിയോഗിക്കുവാനും അവകാശമുണ്ടായിരിക്കുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം നിയമിക്കപ്പെടുന്ന ഒരു റിസീവറെ, മതിയായ കാരണത്താലും, പണയക്കാരന്റെ അപേക്ഷയിന്മേലും, ബോർഡിനു നീക്കാവുന്നതാണ്.

(3) റിസീവരുടെ ഉദ്യോഗത്തിലുള്ള ഒഴിവ് ബോർഡിന് പൂരിപ്പിക്കാവുന്നതാണ്.

(4) ഈ വകുപ്പിലുള്ള യാതൊന്നും, ഒരു സിവിൽ കോടതിയാൽ നിയമിക്കപ്പെടുന്ന റിസീവരുടെ കൈവശം പണയവസ്തു മുമ്പുതന്നെ ഉള്ള പക്ഷം റിസീവറെ നിയമിക്കുവാൻ ബോർഡിനെ അധികാരപ്പെടുത്തുന്നതല്ല; എന്നാൽ അതതു സംഗതിപോലെ ബോർഡിനോ, പ്രൈമറി പണയബാങ്ക് കമ്മററിക്കോ, ആ കോടതി റിസീവരുടെ മാനേജ്മെൻറ് ചെലവുകൾ നേരിട്ടതിനുശേഷം തന്റെ കൈവശം ബാക്കിവരുന്ന സംഖ്യയുടെ ഏതെങ്കിലും ഭാഗമോ, മുഴുവനുമോ അതതു സംഗതിപോലെ പണയസംഖ്യയോ അതിന്റെ ഭാഗമോ വീട്ടാൻ ഉപയോഗിക്കുന്നതിന് ആ റിസീവരോടു നിർദ്ദേശിക്കുവാൻ ആ കോടതിയിൽ, അതതു സംഗതിപോലെ കേന്ദ്ര പണയ ബാങ്കിന്റെയോ പ്രൈമറി പണയബാങ്കിന്റെയോ സെക്രട്ടറി മുഖേന ഹർജി ബോധിപ്പിക്കാവുന്നതാണ്.

20. **ക്രമക്കേടിന്റെയോ മററു കാരണത്താൽ ക്രേതാവിന്റെ അവകാശത്തെപ്പററി ദോഷാരോപണം ചെയ്യാൻ പാടില്ലെന്ന്.**—12-ാം വകുപ്പുപ്രകാരം വില്പനാധികാരത്തിന്റെ അംഗീകൃത വിനിയോഗം മൂലം വില്പന നടത്തുകയും 14-ാം വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരം അതു സ്ഥിരപ്പെടുത്തുകയും ചെയ്തിട്ടുള്ള പക്ഷം, വില്പനയ്ക്ക് അധികാരപ്പെടുത്തുന്ന യാതൊരു സംഗതിയും ഉത്ഭവിച്ചിട്ടില്ലെന്നോ മുറപ്രകാരമുള്ള നോട്ടീസ് നൽകപ്പെട്ടിട്ടില്ലെന്നോ അല്ലെങ്കിൽ ആ അധികാരം മററു വിധത്തിൽ അനുചിതമായോ ക്രമരഹിതമായോ വിനിയോഗിച്ചുവെന്നോ ഉള്ള കാരണത്തിന്മേൽ, ക്രേതാവിന്റെ അവകാശത്തെപ്പററി ദോഷാരോപണം ചെയ്യാൻ പാടില്ലാത്തതും, എന്നാൽ അനധികൃതമായോ അനുചിതമായോ ക്രമരഹിതമായോ ഉള്ള അധികാരവിനിയോഗം മൂലം നഷ്ടം നേരിടുന്ന ഏതൊരാൾക്കും, അതതു സംഗതിപോലെ കേന്ദ്രപണയബാങ്കിന്റെയോ ബന്ധപ്പെട്ട പ്രൈമറിപണയബാങ്കിന്റെയോ പേരിൽ നഷ്ടപരിഹാരം ലഭിക്കേണ്ടതുമാകുന്നു.

21. വില്പന ഉദ്യോഗസ്ഥന്റെ നിയമനം.— ഈ അദ്ധ്യായപ്രകാരം വില്പന നടത്തുന്നതിനായി രജിസ്ട്രാർക്ക് വില്പന ഉദ്യോഗസ്ഥന്മാരെ നിയമിക്കാവുന്നതാണ്.

22. ചട്ടങ്ങളുണ്ടാക്കുവാൻ ഗവണ്മെന്റിനുള്ള അധികാരം.— ഗവണ്മെന്റിന് ഈ അദ്ധ്യായത്തിനു വിരുദ്ധമല്ലാതെ—

(1) വില്പനയുടെ മുറപ്രകാരമുള്ള വിളംബരത്തിനും, നടത്തിപ്പിനും;

(2) വിളംബരത്തിന്റെയും വില്പനയുടെയും ചെലവുകൾ വസൂലാക്കുന്നതിനും;

(3) ക്രയസംഖ്യ ഡെപ്പോസിററ് ചെയ്യുന്നതിനും;

(4) ക്രയസംഖ്യ ഡെപ്പോസിററ് ചെയ്തില്ലെങ്കിൽ, വസ്തു വീണ്ടും വില്ക്കുന്നതിനും;

(5) കേന്ദ്ര പണയബാങ്കിലോ പ്രൈമറിപണയ ബാങ്കിലോ പണയം വയ്ക്കപ്പെടുന്ന വസ്തുക്കളെ സംബന്ധിച്ചുള്ള തീർച്ചകൾ രജിസ്ട്രാക്കുന്നതിനും;

(6) ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ സാമാന്യമായി നിറവേററുന്നതിനും ചട്ടങ്ങളുണ്ടാക്കാവുന്നതാണ്.

അദ്ധ്യായം 5.

പലവക.

23. പണയബാങ്കിന്റെയും മററം പേരിൽ എഴുതിക്കൊടുക്കുന്ന പണയങ്ങൾ കേന്ദ്ര പണയബാങ്കിൽ നിക്ഷിപ്തമായിരിക്കുമെന്ന്.—ഒരു പ്രൈമറി പണയബാങ്കിന്റെ പേരിൽ, അതിന്റെ അംഗങ്ങൾ എഴുതിക്കൊടുത്ത എല്ലാ പണയങ്ങളും അതിലേയ്ക്കു കൈമാററം ചെയ്യപ്പെട്ട മറെറല്ലാ വസ്തുക്കളും, അങ്ങിനെ എഴുതിക്കൊടുക്കുകയോ കൈമാററം ചെയ്കയോ ചെയ്ത തീയതി മുതല്ക്കു്, ആ പ്രൈമറി പണയബാങ്ക് കേന്ദ്രപണയബാങ്കിലേക്ക് കൈമാററം ചെയ്യപ്പെട്ടതായി കരുതേണ്ടതാകുന്നു.

24. പണയവസ്തു അപര്യാപ്തമാവുമ്പോൾ പണയബാങ്കിന്റെ അധികാരങ്ങൾ.—കേന്ദ്ര പണയ ബാങ്കിലോ പ്രൈമറി പണയബാങ്കിലോ പണയം വെയ്ക്കപ്പെട്ട വല്ല വസ്തുവും അപര്യാപ്തമായിവരികയും, പണയക്കാരൻ, മുഴുവൻ ജാമ്യവും പര്യാപ്തമാകുന്നതിനു മതിയായ കൂടുതൽ ജാമ്യം കൊടുക്കുന്നതിനോ അല്ലെങ്കിൽ ബോർഡോ കമ്മററിയോ നിശ്ചയിക്കാവുന്ന വായ്പയുടെ ഭാഗം തിരിച്ചുകൊടുക്കുന്നതിനോ ബോർഡോ പ്രൈമറി പണയ ബാങ്കിന്റെ കമ്മററിയോ അയാൾക്കു ന്യായമായ ഒരവസരം നൽകിയിരിക്കെ, അയാൾ അങ്ങിനെയുള്ള ജാമ്യം കൊടുക്കുവാനോ, വായ്പയുടെ ആ ഭാഗം തിരിച്ചുകൊടുക്കുവാനോ വീഴ്ച ചെയ്കയും ചെയ്യുന്നപക്ഷം, മുഴുവൻ വായ്പയും ഉടനെതന്നെ കൊടുക്കേണ്ടതായി കരുതേണ്ടതും അതതു സംഗതിപോലെ ബോർഡിനോ കമ്മററിക്കോ അതു വസൂലാക്കുന്നതിന്, 8-ാം വകുപ്പോ 12-ാം വകുപ്പോ പ്രകാരം പണയക്കാരന്റെ മേൽ നടപടി എടുക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതുമാകുന്നു.

വിശദീകരണം.—പണയവസ്തുവിന്റെ വില, അതതു സംഗതിപോലെ കേന്ദ്രപണയബാങ്കിന്റെയോ ബന്ധപ്പെട്ട പ്രൈമറി പണയബാങ്കിന്റെയോ ഉപനിയമങ്ങളിൽ നിർണ്ണയിക്കാവുന്ന അനുപാതത്തിൽ, പണയത്തിന്മേൽ തല്ക്കാലം കൊടുക്കേണ്ട സംഖ്യയിൽ കവിയാത്തപക്ഷം, ഈ വകുപ്പിന്റെ അർത്ഥവ്യാപ്തികളിൽ ആ ജാമ്യം അപര്യാപ്തമായിരിക്കുന്നതാണ്.

25. (1) വിളവ്, ജപ്തി ചെയ്തു വില്ക്കാനും പണയവസ്തു വില്ക്കാനും മററം നിർദ്ദേശം നൽകാൻ ബോർഡിന്റെയോ ട്രസ്റ്റിയുടേയോ അധികാരം.—ബോർഡിനോ, ട്രസ്റ്റിക്കോ, 8-ാം വകുപ്പോ, 12-ാം വകുപ്പോ, 24-ാം വകുപ്പോ പ്രകാരം വീഴ്ചക്കാരന്റെ മേൽ നടപടി എടുക്കാൻ, പ്രൈമറി പണയ ബാങ്കിന്റെ കമ്മിററിയെ നിർദ്ദേശിക്കാവുന്നതും, ആ കമ്മിററി അങ്ങനെ ചെയ്യാൻ ഉപേക്ഷ വിചാരിക്കുകയോ വീഴ്ച വരുത്തുകയോ ചെയ്യുന്നപക്ഷം ബോർഡിനോ, ട്രസ്റ്റിക്കോ ആ നടപടി എടുക്കാവുന്നതുമാകുന്നു.

(2) (എ) ബോർഡ് അപ്രകാരം നടപടി എടുക്കുന്ന സംഗതിയിൽ ഈ ആക്റ്റിലെയും, അതുപ്രകാരം ഉണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങളിലേയും അല്ലെങ്കിൽ റഗുലേഷനിലെയും വ്യവസ്ഥകൾ, മേൽ പറഞ്ഞ വ്യവസ്ഥകളിലുള്ള പ്രൈമറി പണയ ബാങ്കിനെയും അതിന്റെ കമ്മിറ്റിയെയും പററിയുള്ള എല്ലാ പരാമർശങ്ങളും യഥാക്രമം കേന്ദ്രപണയ ബാങ്കിനെയും ബോർഡിനെയും പററിയുള്ള പരാമർശങ്ങളായിരുന്നാലെന്നപോലെ അതു സംബന്ധിച്ചിടത്തോളം പ്രയോഗ്യമാകേണ്ടതാണ്.

(ബി) ട്രസ്റ്റി അപ്രകാരം നടപടി എടുക്കുന്ന സംഗതിയിൽ, ഈ ആക്റ്റിലെയും അതുപ്രകാരമുണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങളിലെയും അല്ലെങ്കിൽ റഗുലേഷനിലെയും വ്യവസ്ഥകൾ, മേല്പറഞ്ഞ വ്യവസ്ഥകളിലുള്ള പ്രൈമറി പണയബാങ്കിനെയും അതിന്റെ കമ്മിററിയെയും പററിയുള്ള എല്ലാ പരാമർശങ്ങളും, ട്രസ്റ്റിയെ പററിയുള്ള പരാമർശങ്ങളായിരുന്നാലെന്നപോലെ അതു സംബന്ധിച്ചിടത്തോളം പ്രയോഗ്യമാകേണ്ടതാണ്.

26. പാട്ടക്കാരൻ ചെയ്തിട്ടുള്ള ദേഹണ്ഡങ്ങളിന്മേൽ ബാങ്കിന്റെ അവകാശം.—1958-ലെ കേരള കുടിയാൻ ദേഹണ്ഡ പ്രതിഫല ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അതതുസംഗതിപോലെ കേന്ദ്രപണയബാങ്കിലോ പ്രൈമറി പണയബാങ്കിലോ പണയപ്പെടുത്തിയിട്ടുള്ള വസ്തുവിന്റെ പാട്ടക്കാരൻ, പണയത്തീയതിക്കു ശേഷം വല്ല ദേഹണ്ഡവും ചെയ്തിട്ടുണ്ടെങ്കിൽ, അത്, പണയവസ്തുവോട് ചേർന്നതായി കരുതേണ്ടതും, പണയത്തുക വസൂലാക്കുന്നതിന് ആ ബാങ്കിന് അതു ലഭിക്കുന്നതുമാകുന്നു.

27. പണയക്കാരൻ പാപ്പരാകുന്ന പക്ഷം പണയപ്പെടുത്തിയതിനെപ്പററി ചോദ്യം ചെയ്തുകൂടാൻ പാടില്ലെന്ന്.—1955-ലെ നിർദ്ധനത്വ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അതതു സംഗതിപോലെ കേന്ദ്ര പണയ ബാങ്കിന്റെയോ പ്രൈമറി പണയബാങ്കിന്റെയോ പേർക്ക് എഴുതിക്കൊടുത്തിട്ടുള്ള പണയം, അത് ഉത്തമ വിശ്വാസപൂർവ്വം വിലപിടിപ്പുള്ള പ്രതിഫലത്തിനായി എഴുതിക്കൊടുത്തതല്ല എന്ന കാരണത്താലോ, അത് എഴുതിക്കൊടുത്തത് ആ പണയബാങ്കിന് പണയക്കാരന്റെ മററു ഉത്തമർണ്ണന്മാരെക്കാൾ മുൻഗണന നൽകുന്നതിനാണ് എന്ന കാരണത്താലോ ചോദ്യം ചെയ്യാൻ പാടുള്ളതല്ല.

28. പണയത്തിന്, ചില ഗവണ്മെന്റ് തീർച്ചകളെക്കാൾ മുൻഗണനയുണ്ടെന്ന്.—(1) അതതു സംഗതിപോലെ കേന്ദ്ര പണയബാങ്കിന്റെയോ, പ്രൈമറി പണയബാങ്കിന്റെയോ പേർക്ക് എഴുതിക്കൊടുത്ത പണയത്തിന് ഈ ആക്റ്റ് നടപ്പിൽ വന്നതിനു ശേഷം, ഭൂമി ദേഹണ്ഡ വായ്പകളെ സംബന്ധിച്ച 1883-ലെ മദിരാശി ആക്റ്റോ, (1883-ലെ 19-ാം സെൻട്രൽ ആക്റ്റ്) 1884-ലെ കർഷക വായ്പ ആക്റ്റോ (1884-ലെ 12-ാം സെൻട്രൽ ആക്റ്റ്), കൃഷി വികസനത്തിനുള്ള വായ്പകളെ സംബന്ധിച്ച 1093-ലെ 4-ാം കൊച്ചി ആക്റ്റോ, അല്ലെങ്കിൽ ഭൂമി ദേഹണ്ഡത്തെയും കൃഷി വായ്പയെയും സംബന്ധിച്ച 1094-ലെ 9-ാം തിരുവിതാംകൂർ ആക്റ്റോ, പ്രകാരമുള്ളതും പണയം എഴുതിക്കൊടുത്തതിനു ശേഷം നൽകിയിട്ടുള്ളതുമായ ഒരു വായ്പയിൽ നിന്ന് ഉളവാകുന്ന ഏതെങ്കിലും ഗവണ്മെന്റ് തീർച്ചകളെക്കാൾ മുൻഗണന ഉണ്ടായിരിക്കുന്നതാണ്.

(2) ഏതു നിയമമോ ചട്ടമോ ഉണ്ടായിരുന്നാലും, അതതു സംഗതിപോലെ കേന്ദ്ര പണയ ബാങ്കിന്റെയോ, പ്രൈമറി പണയ ബാങ്കിന്റെയോ പേർക്ക് എഴുതിക്കൊടുത്ത പണയത്തിന് നിർണ്ണയിക്കപ്പെട്ട ഫോറത്തിൽ ഒരു പരസ്യം പ്രസിദ്ധപ്പെടുത്തിയശേഷം, ആ തീർച്ചയോ അവകാശബന്ധമോ, ആ നോട്ടീസിൽ നിർണ്ണയിച്ചിട്ടുള്ള സമയത്തിനുള്ളിൽ ആ ബാങ്കിനെ അറിയിക്കപ്പെടുത്തിയിട്ടില്ലാത്ത പക്ഷം, വസ്തുക്കളുടെ മേലുള്ള വല്ല തീർച്ചകളോ വാങ്ങലോ പണയത്തിനോ ഉപരിയായി പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

(3) ഈ വകുപ്പുപ്രകാരമുള്ള നോട്ടീസിന്റെ ഫോറവും അത് പ്രസിദ്ധപ്പെടുത്തേണ്ട രീതിയും നിർണ്ണയിച്ചുകൊണ്ട്, ഗവണ്മെന്റിന് ചട്ടങ്ങളുണ്ടാക്കാവുന്നതാണ്.

29. പണയക്കാരന്റെ മുൻ കടങ്ങൾ വീട്ടുന്നതിന് പണയബാങ്കിനുള്ള അവകാശം.—അതതുസംഗതിപോലെ കേന്ദ്ര പണയബാങ്കിന്റെയോ പ്രൈമറി പണയബാങ്കിന്റെയോ പേർക്ക് ഒരു പണയം എഴുതിക്കൊടുത്തിട്ടുള്ള പക്ഷം, 1882-ലെ വസ്തു കൈമാററ ആക്ടിലെ (1882-ലെ 4-ാം സെൻട്രൽ ആക്ട്) 83, 84 എന്നീ വകുപ്പുകളിലെ വ്യവസ്ഥകൾ എന്തുതന്നെ ആയിരുന്നാലും പണയക്കാരന്റെ മുൻ കടങ്ങൾ കൊടുത്തു തീർക്കാനായി, അതതു ബാങ്കിന്, രേഖാമൂലമുള്ള ഒരു നോട്ടീസുമൂലം അപ്രകാരം വല്ല കടവുമുണ്ടെങ്കിൽ, അതു കൊടുക്കേണ്ട ഏതൊരു ആളോടും ആ കടത്തിന്റെ തുകയോ, അതിന്റെ ഭാഗമോ, ബാങ്കിന്റെ രജിസ്റ്റർചെയ്ത ആഫീസിൽ നിന്ന്, നോട്ടീസിൽ നിശ്ചയിച്ചിരിക്കാവുന്ന കാലത്തിനുള്ളിൽ വാങ്ങിക്കൊള്ളാൻ ആവശ്യപ്പെടാവുന്നതാണ്. അപ്രകാരമുള്ള വല്ല ആളും, ആ നോട്ടീസോ തുകയോ വാങ്ങാൻ കൂട്ടാക്കാതിരിക്കുന്നപക്ഷം, അതതു സംഗതിപോലെ, ആ കടത്തിനോ, അതിന്റെ ഭാഗത്തിനോ, നോട്ടീസിൽ നിശ്ചയിച്ചിട്ടുള്ള കാലാവധി അവസാനിക്കുന്നതു മുതൽ, ആ ആൾ, നോട്ടീസോ തുകയോ വാങ്ങാൻ കൂട്ടാക്കാതിരുന്നത്, തന്റെ നിയന്ത്രണത്തിന് അതീതമായ കാരണങ്ങളാലാണെന്ന് അതതു സംഗതിപോലെ ബോർഡിനോ പ്രൈമറിപണയബാങ്കിന്റെ കമ്മിററിക്കോ ബോദ്ധ്യമാംവണ്ണം തെളിയിക്കുന്ന സംഗതികളിലൊഴികെ, പലിശ ഉണ്ടായിരിക്കുന്നതല്ല.

എന്നാൽ, അപ്രകാരമുള്ള വല്ല വായ്പത്തുകയെയും സംബന്ധിച്ച് ഒരു തർക്കമുണ്ടാകുമ്പോൾ, ആ വായ്പത്തുക ആർക്കാണു കൊടുക്കേണ്ടത്, ആ ആൾ, ബാങ്ക് ആ കടത്തിലേക്ക നൽകിയ തുക സ്വീകരിക്കാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതും, പക്ഷേ അപ്രകാരം വാങ്ങുന്നത്, അയാൾ തീർച്ചചെയ്തിട്ടുള്ള ബാക്കി തുക വസൂലാക്കുന്നതിന് അയാൾക്ക് വല്ല അവകാശവുമുണ്ടെങ്കിൽ, അതിനു ബാധകമാകാൻ പാടില്ലാത്തതുമാകുന്നു.

30. സാക്ഷികളെ സമ്മനയച്ചു വരുത്താനും രേഖകൾ ആവശ്യപ്പെടാനുമുള്ള അധികാരം.—(1) നിർണ്ണയിക്കപ്പെടാവുന്ന നിയന്ത്രണങ്ങൾക്കും, പരിമിതികൾക്കും വ്യവസ്ഥകൾക്കും വിധേയമായി, രജിസ്ട്രാർക്കും, അദ്ദേഹം ഇതാവശ്യാർത്ഥം സാമാന്യമോ പ്രത്യേകമോ ആയ രേഖാമൂലമുള്ള ഉത്തരവുമൂലം അധികാരപ്പെടുത്തിയ, രജിസ്ട്രാരുടെ കീഴുദ്യോഗസ്ഥന്മാർക്കും, ഗ്രാമീണക്ക് ഉണ്ടശ്വാസം നൽകുന്നതിൽ ഏർപ്പെട്ടിരിക്കുന്ന മററുദ്യോഗസ്ഥന്മാർക്കും അല്ലെങ്കിൽ ഗവണ്മെന്റ് ഇതാവശ്യാർത്ഥം ഗസററിൽ പരസ്യംമൂലം അധികാരപ്പെടുത്താവുന്ന പ്രകാരം 1951-ലെ തിരുവിതാംകൂർ-കൊച്ചി പരസ്പര സഹായ സംഘ ആക്ടോ, 1932-ലെ മദിരാശി പരസ്പരസഹായ സംഘ ആക്ടോ അനുസരിച്ച് രജിസ്റ്റർ ചെയ്യപ്പെട്ടതോ രജിസ്റ്റർ ചെയ്തതായി കരുതപ്പെടുന്നതോ ആയ പരസ്പര സഹായ ബാങ്ക് ഉദ്യോഗസ്ഥന്മാർക്കും, താഴെ പറയുന്ന കാര്യങ്ങളെ സംബന്ധിച്ചിടത്തോളം കേസ് വിസ്താരവേളയിൽ കോടതിക്ക് 1908-ലെ സിവിൽ നടപടിനിയമം (1908-ലെ 5-ാം സെൻട്രൽ ആക്ട്) പ്രകാരം നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ തന്നെ ഉണ്ടായിരിക്കുന്നതാണ്; അതായത്:—

(എ) ഏതൊരാളുടെയും സാന്നിദ്ധ്യം നിർബന്ധമാക്കുകയും, അയാളെ സത്യപ്രതിജ്ഞയോ സത്യവാചകമോ മൂലം വിസ്തരിക്കുകയും ചെയ്യൽ,

(ബി) പ്രമാണങ്ങൾ ഹാജരാക്കാൻ നിർബന്ധിക്കൽ;

(സി) സാക്ഷികളെ വിസ്തരിക്കുന്നതിന് കമ്മീഷനയയ്ക്കൽ.

(2) (1)-ാം ഉപവകുപ്പുമൂലമോ അതിനു വിധേയമായോ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്മാരിലാരെങ്കിലും, തന്റെ മുമ്പാകെ ഹാജരായിട്ടുള്ള ഏതൊരാളോടും, ഏതെങ്കിലും വിവരവും നൽകുകയോ, അന്വേഷണവിചാരണയ്ക്കു പ്രസക്തമാംവിധം അയാളുടെ കൈവശത്തിലോ അധികാരത്തിലോ ഉള്ള വല്ല പ്രമാണവും അപ്പോഴപ്പോൾ ഹാജരാക്കുകയോ ചെയ്യാൻ ആവശ്യപ്പെടാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പോ (2)-ാം ഉപവകുപ്പോ പ്രകാരം വല്ല പ്രമാണവും ഏതെങ്കിലും ഉദ്യോഗസ്ഥന്റെ മുമ്പാകെ ഹാജരാക്കിയിട്ടുണ്ടെങ്കിൽ, ആ ഉദ്യോഗ ്, തനിക്കു അപ്രകാരമുള്ള ആവശ്യമെന്നു തോന്നുന്ന

പ്രമാണത്തിന്റെയോ അതിലുള്ള വല്ല കുറിപ്പുകളുടെയോ. പകർപ്പുകൾ എടുക്കുകയോ എടുക്കാനധികാരപ്പെടുത്തുകയോ ചെയ്യാൻ അധികാരമുണ്ടായിരിക്കുന്നതാണ്. അപ്രകാരം എടുത്ത പകർപ്പുകൾ, നിർണ്ണയിക്കപ്പെടാവുന്ന വിധത്തിൽ സാക്ഷ്യപ്പെടുത്തിക്കഴിഞ്ഞാൽ, എല്ലാ കാര്യത്തിനും അതതു സംഗതിപോലെ അസ്സൽ പ്രമാണമോ അതിലെ കുറിപ്പോ പോലെ അതേവിധത്തിലും, അത്രത്തോളവും തെളിവായി സ്വീകരിക്കേണ്ടതാണ്.

(4) (എ) (1)-ാം ഉപവകുപ്പോ (2)-ാം ഉപവകുപ്പോ പ്രകാരം പുറപ്പെടുവിച്ച വല്ല സമ്മനോ, അർത്ഥനയോ, ഉത്തരവോ മനഃപൂർവ്വമോ, ന്യായമായ സമാധാനം നൽകാതെയോ അനുസരിക്കാത്ത ഏതൊരാൾക്കും, അമ്പതു രൂപയോളം വരാവുന്ന പിഴയും, തുടന്ന് അനുസരിക്കാതിരിക്കുന്ന സംഗതിയിൽ, അപ്രകാരം അവസാനമായി അനുസരിക്കാതിരുന്നതിനുള്ള കുറ്റം സ്ഥാപനത്തിനുശേഷം, ആ അനുസരണക്കേട് തുടരുന്ന ഓരോ ദിവസത്തേക്കും അഞ്ചു രൂപയോളം വരാവുന്ന കൂടുതൽ പിഴയും ശിക്ഷയായി നൽകേണ്ടതാണ്.

(ബി) ഒന്നാം ക്ലാസ്സ് മജിസ്ട്രേട്ടുകോടതിക്കു താഴെയുള്ള യാതൊരു കോടതിയും, (എ) എന്ന ഖണ്ഡപ്രകാരമുള്ള യാതൊരു കുറ്റവും വിസ്തരിക്കാൻ പാടുള്ളതല്ല.

(സി) (എ) എന്ന ഖണ്ഡപ്രകാരമുള്ള എല്ലാ കുറ്റങ്ങളും 1898-ലെ ക്രിമിനൽ നടപടി നിയമത്തിന്റെ (1898-ലെ 5-ാം സെൻട്രൽ ആക്റ്റ്) ആവശ്യത്തിന് വിചാരണചെയ്യാൻ പാടില്ലാത്തതായി കരുതേണ്ടതാണ്.

(ഡി) (എ) എന്ന ഖണ്ഡപ്രകാരം യാതൊരു ശിക്ഷാനടപടിയും:—

(i) ഏതു സമ്മനോ, അർത്ഥനയോ, ഉത്തരവോ ആണ് അനുസരിച്ചില്ല എന്ന് ആരോപിക്കപ്പെടുന്നത്, ആ സമ്മനോ അർത്ഥനയോ ഉത്തരവോ, പുറപ്പെടുവിച്ചത്, രജിസ്ട്രാറോ, അദ്ദേഹത്തിന്റെ കീഴിലുള്ള വല്ല ആളോ അല്ലെങ്കിൽ ഒരു പരസ്പരസഹായബാങ്കിലെ വല്ല ഉദ്യോഗസ്ഥനോ ആണെങ്കിൽ, രജിസ്ട്രാരുടെയോ,

(ii) മറ്റു സംഗതികളിൽ, ആ ജില്ലയിലെ കളക്ടറുടെയോ മുന്നനുവാദംകൂടാതെ നടത്താൻ പാടുള്ളതല്ല.

അപ്രകാരമുള്ള അനുവാദം, ബന്ധപ്പെട്ട കക്ഷിക്ക് പറയുവാനുള്ളത്, പറയുവാൻ ഒരു അവസരം നൽകാതെ, കൊടുക്കുവാൻ പാടുള്ളതല്ല.

(5) ഗവണ്മെന്റിന്, ഈ വകുപ്പിലെ വ്യവസ്ഥകൾ നടപ്പാക്കാൻ ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

31. **കേന്ദ്രപണയബാങ്കിനോ പ്രൈമറി പണയബാങ്കിനോ വേണ്ടി എഴുതിക്കൊടുക്കുന്ന പ്രമാണങ്ങൾ രജിസ്ട്രാക്കൽ.**—(1) 1908-ലെ ഇൻഡ്യൻ രജിസ്ട്രേഷൻ ആക്റ്റിൽ (1908-ലെ 16-ാം സെൻട്രൽ ആക്റ്റ്) എന്തുതന്നെ അടങ്ങിയിരുന്നാലും, കേന്ദ്രപണയബാങ്കിലെയോ പ്രൈമറിപണയബാങ്കിലെയോ വല്ല ഡയറക്ടറോ സെക്രട്ടറിയോ മറ്റു ഉദ്യോഗസ്ഥനോ, താൻ, തന്റെ ഔദ്യോഗികനിലയിൽ എഴുതിക്കൊടുത്ത വല്ല ആധാരവും രജിസ്ട്രാക്കുന്നതു സംബന്ധിച്ച വല്ല നടപടിയിലും, രജിസ്റ്റർ ചെയ്യുന്ന ഏതെങ്കിലും ആഫീസിൽ, നേരിട്ടോ ഏജന്റു മുഖേനയോ ഹാജരാകുകയോ ആ ആക്റ്റിലെ 58-ാം വകുപ്പിൽ വ്യവസ്ഥചെയ്തിരിക്കുന്നപ്രകാരം കയ്യൊപ്പിടുകയോ ചെയ്യേണ്ട ആവശ്യമില്ലാത്തതാകുന്നു.

(2) വല്ല കരണവും അപ്രകാരം എഴുതിക്കൊടുത്തിട്ടുള്ളപ്പോൾ ആ കരണം രജിസ്ട്രാക്കുന്നതിനായി ഏതു രജിസ്റ്ററിംഗ് ആഫീസറുടെ മുമ്പാകെ ഹാജരാക്കുന്നുവോ ആ ആഫീസർക്ക് യുക്തമെന്നു തോന്നുന്നപക്ഷം, ആ ഡയറക്ടറോടോ, സെക്രട്ടറിയോടോ ഉദ്യോഗസ്ഥനോടോ, അതിനെപ്പറ്റിയുള്ള വിവരങ്ങൾക്കുവേണ്ടി എഴുതിച്ചോദിക്കാവുന്നതും, അതു് എഴുതിക്കൊടുത്തതിനെപ്പറ്റി ബോധ്യമായാൽ, അദ്ദേഹം കരണം രജിസ്ട്രാക്കേണ്ടതുമാകുന്നു.

32. പണയാധാരങ്ങൾ കേന്ദ്രപണയബാങ്കിനു നൽകിയിരുന്നാലുംകൂടി, പണം സ്വീകരിക്കുകയും സാധുവായ വിമോചനങ്ങൾ അനുവദിക്കുകയും ചെയ്യാൻ പണയബാങ്കിനുള്ള അധികാരം.—പ്രൈമറി പണയബാങ്കിന്റെ പേർക്ക് എഴുതിക്കൊടുത്തിട്ടുള്ള പണയം കേന്ദ്രപണയബാങ്കിന് കൈമാററം ചെയ്തിരിക്കുകയോ, 23-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം കൈമാററം ചെയ്തതായി കരുതപ്പെടുകയോ ചെയ്തിരുന്നാലും;

(എ) പണയപ്രകാരം നൽകാനുള്ള എല്ലാ പണവും, വിപരീതമായി, ബോർഡോ, ട്രസ്റ്റിയോ പുറപ്പെടുവിച്ചതും, പണയക്കാരനെ തെര്യപ്പെടുത്തിയിട്ടുള്ളതുമായ വല്ല പ്രത്യേക നിർദ്ദേശത്തിന്റെയും അഭാവത്തിൽ, പ്രൈമറി പണയബാങ്കിനു നൽകേണ്ടതും, അങ്ങിനെ നൽകിയതു്, പണയം അപ്രകാരം കൈമാററം ചെയ്തിട്ടില്ലാതിരുന്നാലെന്നപോലെ സാധുവായിരിക്കുന്നതും,

(ബി) വിപരീതമായി ബോർഡോ ട്രസ്റ്റിയോ പുറപ്പെടുവിച്ചതും, പ്രൈമറിപണയബാങ്കിനെ തെര്യപ്പെടുത്തിയിട്ടുള്ളതുമായ വല്ല പ്രത്യേക നിർദ്ദേശത്തിന്റെയും അഭാവത്തിൽ, പണയത്തിന്മേൽ വ്യവഹാരം ബോധിപ്പിക്കാനോ, പണയപ്രകാരം ലഭിക്കാനുള്ള തുക വസൂലാക്കുന്നതിനു് മററു വല്ല നടപടിയും സ്വീകരിക്കാനോ ഉള്ള അവകാശം പ്രൈമറിപണയബാങ്കിനുണ്ടായിരിക്കുന്നതുമാണു്.

33. കൂട്ടുഹിന്ദുകുടുംബങ്ങളിലെ മാനേജർമാരോ, മരുമക്കത്തായതറവാട്ടുകളിലെയോ താവഴികളിലെയോ, നമ്പൂതിരിഇല്ലങ്ങളിലെയോ മററു കാരണവന്മാരോ എഴുതിക്കൊടുത്ത പണയത്തെസംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ.—(1) കേന്ദ്രപണയബാങ്കിന്റെയോ ഒരു പ്രൈമറി പണയബാങ്കിന്റെയോ പേർക്കു്, ഈ ആക്ററു് നടപ്പിൽ വരുന്നതിനുമുമ്പോ വന്നതിനു ശേഷമോ എഴുതിക്കൊടുത്തപണയം, അതു് ഒരു കൂട്ടു ഹിന്ദുകുടുംബത്തിലെ മാനേജരോ, ഒരു മരുമക്കത്തായതറവാട്ടിലെയോ, താവഴിയിലെയോ ഒരു നമ്പൂതിരി ഇല്ലത്തിലെയോ കാരണവനോ, ഒരു തീയകുടുംബത്തിലെയോ ഈഴവകുടുംബത്തിലെയോ മാനേജരോ ഒരു അളിയ സന്താനകുടുംബത്തിലെ എജമാനനോ എജമാനത്തിയോ, ആ കുടുംബത്തിലെ മേജരോ മൈനരോ ആയ അംഗങ്ങളെ ബന്ധിക്കാത്ത ഒരു ആവശ്യത്തിനാണു് എഴുതിക്കൊടുത്തതു് എന്ന കാരണത്താൽ ചോദ്യംചെയ്യപ്പെട്ടാൽ, വിപരീതമായി ഏതു നിയമമുണ്ടായിരുന്നാലും, അതു് തെളിയിക്കേണ്ട ഭാരം അതു് ഉന്നയിക്കുന്ന കക്ഷിയുടെതായിരിക്കുന്നതാണു്.

(2) കേന്ദ്രപണയബാങ്കിന്റെയോ ഒരു പ്രൈമറിപണയബാങ്കിന്റെയോ പേർക്ക് ഒരു കൂട്ടുഹിന്ദുകുടുംബത്തിലെ മാനേജരോ, ഒരു മരുമക്കത്തായതറവാട്ടിലെയോ താവഴിയിലെയോ ഒരു നമ്പൂതിരി ഇല്ലത്തിലെയോ കാരണവനോ, ഒരു തീയകുടുംബത്തിലെയോ ഈഴവകുടുംബത്തിലെയോ മാനേജരോ, ഒരു അളിയസന്താനകുടുംബത്തിലെ എജമാനനോ എജമാനത്തിയോ എഴുതിക്കൊടുത്ത ഒരു പണയം, പണയംമൂലം ഉറപ്പുനൽകിയ വായ്പ, താഴെപ്പറയുന്ന ആവശ്യങ്ങളിൽ ഏതിനെങ്കിലും വേണ്ടിയാണു് നൽകിയതെങ്കിൽ, ആ കുടുംബത്തിലെ മേജരോ മൈനരോ ആയ അംഗങ്ങളെ ബന്ധിക്കുന്നതാണു്;

അതായതു്:—

(എ) കൃഷിഭൂമിയോ കൃഷിസമ്പ്രദായങ്ങളോ നന്നാക്കുന്നതിനും;

(ബി) ഭൂമിവാങ്ങുന്നതിനും.

34. കുടിയാന്മാർ എഴുതിക്കൊടുത്ത പണയങ്ങളെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ.—ഒരു കുടിയാൻ, തന്റെ കൈവശഭൂമി, ഒരു പ്രൈമറി പണയബാങ്കിന്റെ പേർക്ക് പണയപ്പെടുത്തുമ്പോൾ, താഴെപ്പറയുന്ന വ്യവസ്ഥകൾ, 1929-ലെ മലബാർ കുടിയായ്മ ആക്ററിലോ, 1118-ലെ കൊച്ചി 8-ാം വെറുമ്പാട്ട ആക്ററിലോ 1955-ലെ കാണകുടിയായ്മ ആക്ററിലോ അല്ലെങ്കിൽ 1958-ലെ കേരള കുടിയാൻ ദേഹണ്ഡപ്രതിഫല ആക്ററിലോ വിപരീതമായി എന്തുതന്നെ അടങ്ങിയിരുന്നാലും, പണയം നിലവിലിരിക്കുന്ന കാലത്തോളം, പ്രയോജ്യമാകേണ്ടതും:—

(i) പണയംമൂലം ഉറപ്പു നൽകിയ വായ്പ നൽകുന്നതിനുമുമ്പും നൽകിയതിനുശേഷവും, പ്രൈമറി പണയബാങ്കു്, കുടിയാന്റെ, ജന്മിക്കു,

ആ ജന്മിതന്നെ മറെറാരു ജന്മിയുടെ കുടിയാനാണെങ്കിൽ, ആ ജന്മിക്കും, അങ്ങനെ ഉച്ചതമസ്ഥാനംവരെയും ഉൾപ്പെടെയും, ഏതു മേൽ ജന്മിയിൽനിന്നുമാണോ, കൈവശഭൂമിയുടെ അവകാശബന്ധം ലഭിച്ചതു്, ആ മേൽ ജന്മിക്കും രേഖാമൂലമായ നോട്ടീസ്സ് നൽകേണ്ടതും;

(ii) (i)-ാം ഖണ്ഡപ്രകാരം നോട്ടീസ്സ് നൽകപ്പെട്ട ഓരോ ജന്മിയും, പാട്ടമോ, മിച്ചവാരമോ, ജന്മികരമോ കൊടുക്കാൻ വീഴ്ചവരുത്തിയതിനോ അപ്രകാരം ചെയ്ത കുടിയാനെ വസ്തുവിൽനിന്നും ഒഴിപ്പിക്കുന്നതിനോ ആയി, തന്റെ കുടിയാന്റെ (ആ കുടിയാൻ പണയക്കാരനോ ഒരു മേൽജന്മിയോ ആയാലും) കൈവശ ഭൂമി വില്പാനുള്ള ഒരു വ്യവഹാരം നടത്തുന്നതിനു മുമ്പായി, പ്രൈമറി പണയബാങ്കിനു്, പതിനഞ്ചു ദിവസത്തിൽ കുറയാത്ത കാലത്തേയ്ക്കു് രേഖാമൂലമുള്ള നോട്ടീസ്സ് നൽകേണ്ടതും;

(iii) പ്രൈമറി പണയബാങ്കിനു് വസ്തു പണയപ്പെടുത്തിയിട്ടുള്ള കുടിയാൻ, ബാങ്കിന്റെ മുന്നനുവാദത്തോടുകൂടിയല്ലാതെ, തന്റെ കൈവശ ഭൂമിയോ അതിന്റെ വല്ല ഭാഗമോ തന്റെ ജന്മിക്കു് വിട്ടുകൊടുക്കാനോ, അതിനെ മററു വല്ല വിധത്തിലും കൈകാര്യം ചെയ്യാനോ, പാടില്ലാത്തതും, അപ്രകാരമുള്ള അനുവാദത്തോടു കൂടിയല്ലാതെ, കുടിയാൻ ഇടപെടുന്ന അപ്രകാരമുള്ള യാതൊരു ഇടപാടും, ബാങ്കിനു് വസ്തുവിന്റെ മേലുള്ള അവകാശബന്ധത്തെ യാതൊരുവിധത്തിലും ബാധിക്കാത്തതും;

(iv) കൈവശഭൂമി പ്രൈമറി പണയബാങ്കിനു പണയപ്പെടുത്തിയ കുടിയാന്റെ പേരിൽ നടത്തുന്ന ഒഴിപ്പിക്കൽ വ്യവഹാരത്തിൽ, ബാങ്കിനു്, വ്യവഹാരം നടത്തുന്ന കോടതിയോടു് അപേക്ഷിച്ചാൽ 1958-ലെ കേരള കുടിയാൻ ദേഹണ്ഡപ്രതിഫല ആക്ററിലെ 5-ാം വകുപ്പുപ്രകാരം വല്ല നഷ്ടപ്രതിഫലത്തുകയും കോടതിയിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിൽ, അതിൽനിന്നു് ബാങ്കിനു് പണയപ്രകാരം വസൂലാകേണ്ട പണം ലഭിക്കാനവകാശമുണ്ടായിരിക്കുന്നതും;

(v) വസ്തു പ്രൈമറി പണയബാങ്കിനു് പണയപ്പെടുത്തിയ കുടിയാന്റെ കുടിയായ്മ അവസാനിക്കുമ്പോൾ, കുടിയാൻ, കുടിയായ്മ പൊളിച്ചെഴുതുന്നില്ലെങ്കിൽ, ബാങ്കിനു്, കുടിയാനുവേണ്ടി, കുടിയായ്മ പൊളിച്ചെഴുതിവാങ്ങാൻ അവകാശമുണ്ടായിരിക്കുന്നതും, ബാങ്കു് വല്ല പൊളിച്ചെഴുത്തു ഫീസ്സും കൊടുത്തിട്ടുണ്ടെങ്കിൽ അതു്, പണയപ്രകാരം ഈടാക്കാനുള്ള മുതൽ സംഖ്യയോടുകൂട്ടിച്ചേർക്കേണ്ടതും;

(vi) വസ്തു പ്രൈമറി പണയബാങ്കിനു്, പണയപ്പെടുത്തിയ കുടിയാൻ അതതു് സംഗതിപോലെ തന്റെ ജന്മിക്കോ ഗവണ്മെൻറിനോ ഈടാക്കേണ്ട വല്ല പാട്ടമോ, മിച്ചവാരമോ, ജന്മികരമോ അടയ്ക്കാൻ വീഴ്ചവരുത്തുന്ന പക്ഷം, അതു് ജന്മിക്കോ, ഗവണ്മെൻറിനോ കൊടുപ്പാൻ ബാങ്കു് ബാദ്ധ്യസ്ഥമായിരിക്കുന്നതും, അപ്രകാരം കൊടുക്കപ്പെടുന്നതുക, പണയപ്രകാരം ഈടാവാനുള്ള മുതൽ സംഖ്യയോടുകൂട്ടിച്ചേർക്കേണ്ടതും;

വിശദീകരണം.—പാട്ടമോ മിച്ചവാരമോ, സാധനങ്ങളായി കൊടുക്കാവുന്നോടത്തോളം സംഗതിയിൽ പ്രൈമറി പണയബാങ്കിനു്, ഗവണ്മെൻറു് അപ്പോഴപ്പോൾ ഗസററിൽ പ്രസിദ്ധപ്പെടുത്തുന്ന നിരക്കോ നിരക്കുകളോ അനുസരിച്ചു് കണക്കാക്കിയിട്ടുള്ള അവയുടെ വില നൽകാൻ അവകാശമുണ്ടായിരിക്കുന്നതാണു്.

(vii) പ്രൈമറി പണയബാങ്കു്, (5)-ാം ഖണ്ഡമോ, (6)-ാം ഖണ്ഡമോ പ്രകാരം, വല്ല പൊളിച്ചെഴുത്തു ഫീസോ, പാട്ടമോ, മിച്ചവാരമോ, ജന്മികരമോ കൊടുക്കുന്നെങ്കിൽ, അതിനു്, പണയത്തുക മുഴുവനും കൊടുക്കേണ്ടതായിത്തീർന്നിട്ടുണ്ടെന്നു് കരുതാനും, കുടിയാനു് മേൽപ്പറഞ്ഞ മുഴുവൻ തുകയുമോ, ബാങ്കു് നിശ്ചയിക്കാവുന്ന, അതിന്റെ ഭാഗമോ തിരിയെക്കൊടുക്കാൻ ന്യായമായ ഒരവസരം നൽകിയതിനുശേഷം, ഈ ആക്ററിലെ 4-ാം അദ്ധ്യായത്തിലെ വ്യവസ്ഥകൾ പ്രകാരം ആ കൈവശഭൂമി വില്പാനും അവകാശമുണ്ടായിരിക്കുന്നതുമാണു്.

വിശദീകരണം.—ഈ വകുപ്പിൽ,—(i) "കുടിയാൻ" എന്ന പദത്തിന്, 1929-ലെ മലബാർ കുടിയായ്മ ആക്റ്റ് 3-ാം വകുപ്പിലെ (27)-ാം ഖണ്ഡത്തിൽ നിർവ്വചിക്കപ്പെട്ടതുപോലുള്ള ഒരു കുടിയാൻ എന്ന് അർത്ഥമാകുന്നതും, അതിൽ, 1118-ലെ 8-ാം കൊച്ചി വെറുമ്പാട്ടക്കാർ ആക്റ്റ് (2)-ാം വകുപ്പിലെ (ഡി) എന്ന ഖണ്ഡത്തിൽ നിർവ്വചിക്കപ്പെട്ടതുപോലുള്ള വെറുമ്പാട്ടക്കാരനും, 1955-ലെ കാണം കുടിയായ്മ ആക്റ്റ് (2)-ാം വകുപ്പിലെ (12)-ാം ഖണ്ഡത്തിൽ നിർവ്വചിക്കപ്പെട്ടതുപോലുള്ള ഒരു കാണംകുടിയാനും ഉൾപ്പെടുന്നതുമാകുന്നു.

(ii) "മിച്ചവാരം" എന്ന പദത്തിന്, 1929-ലെ മലബാർ കുടിയായ്മ ആക്റ്റ്, 3-ാം വകുപ്പിലെ (21)-ാം ഖണ്ഡത്തിൽ ഉള്ള അതേ അർത്ഥം തന്നെ ഉണ്ടായിരിക്കുന്നതാണ്.

(iii) "ജന്മിക്കരം" എന്ന പദത്തിന് 1955-ലെ കാണംകുടിയാൻ ആക്റ്റ് 2-ാം വകുപ്പിലെ (13)-ാം ഖണ്ഡത്തിലുള്ള അതേ അർത്ഥം തന്നെ ഉണ്ടായിരിക്കുന്നതാണ്.

35. പ്രമാണങ്ങളുടെ തെളിവോ പ്രമാണങ്ങളിലുള്ള കുറിപ്പുകളോ.—കേന്ദ്രപണയ ബാങ്കിനോ, ഏതെങ്കിലും പ്രൈമറി പണയ ബാങ്കിനോ, അത് അതിന്റെ വ്യാപാരമദ്ധ്യേ വാങ്ങി സൂക്ഷിച്ചിട്ടുള്ള വല്ല പ്രമാണത്തിന്റെയോ, ആ പ്രമാണത്തിലുള്ള വല്ല കുറിപ്പുകളുടെയോ പകർപ്പുകൾ നൽകാവുന്നതും, അപ്രകാരം നൽകപ്പെട്ട ഏതൊരു പകർപ്പും, നിർണ്ണയിക്കപ്പെടാവുന്ന വിധത്തിൽ സാക്ഷ്യപ്പെടുത്തിക്കഴിഞ്ഞാൽ, ഏതൊരാവശ്യത്തിനും, അതതു സംഗതി പോലെ അസ്സൽപ്രമാണമോ അതിലുള്ള കുറിപ്പുകളോ പോലെ അതേ വിധത്തിലും അത്രത്തോളവും തെളിവായി സ്വീകരിക്കേണ്ടതുമാകുന്നു.

36. 3, 4 എന്നീ അദ്ധ്യായങ്ങൾ, കേന്ദ്രപണയ ബാങ്കിൽനിന്ന് കടം വാങ്ങിയതല്ലാത്ത ഫണ്ടുകളിൽനിന്ന്, പണയ ബാങ്കുകൾ നൽകിയ വായ്പകൾക്ക് പ്രയോജ്യമാണെന്ന്.—3, 4 എന്നീ അദ്ധ്യായങ്ങളിലെ വ്യവസ്ഥകൾ, പ്രൈമറി പണയബാങ്കുകൾ, കേന്ദ്രപണയബാങ്കിൽനിന്ന് കടം വാങ്ങിയതല്ലാത്ത ഫണ്ടുകളിൽനിന്ന് നൽകിയിട്ടുള്ള വായ്പകൾക്കും, തിരുവിതാംകൂർ ക്രെഡിറ്റ് ബാങ്കിൽനിന്ന് കേന്ദ്രപണയബാങ്ക് ഏറ്റെടുത്തിട്ടുള്ള വായ്പകൾക്കും പ്രയോജ്യമാവുന്നതാണ്.

37. ആക്റ്റുപ്രകാരം നോട്ടീസു നടത്തൽ.—ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം വല്ല ആൾക്കും രേഖാമൂലം നോട്ടീസു നൽകേണ്ടി വരുമ്പോൾ, ആ നോട്ടീസു രജിസ്റ്റർ തപാൽമൂലം അയച്ചാൽ മതിയാകുന്നതാണ്.

38. 1882-ലെ വസ്തുകൈമാറ്റ ആക്റ്റ് 102, 103 എന്നീ വകുപ്പുകളും, 104-ാം വകുപ്പുപ്രകാരമുള്ള ചട്ടങ്ങളും അപ്രകാരമുള്ള നോട്ടീസുകൾക്ക് പ്രയോജ്യമാണെന്ന്.—1882-ലെ വസ്തുകൈമാറ്റ ആക്റ്റിലെ (1882-ലെ 4-ാം സെൻട്രൽ ആക്റ്റ്) 102, 103 എന്നീ വകുപ്പുകളിലെയും, ഹൈക്കോടതി, മേൽ പറഞ്ഞ വകുപ്പുകളുടെ ആവശ്യാർത്ഥം, ആ ആക്റ്റിലെ 104-ാം വകുപ്പുപ്രകാരം വല്ല ചട്ടങ്ങളുമുണ്ടാക്കിയിട്ടുണ്ടെങ്കിൽ അപ്രകാരമുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾ, കഴിയുന്നിടത്തോളം, ഈ ആക്റ്റുപ്രകാരം നടത്താനുള്ള എല്ലാ നോട്ടീസുകളെ സംബന്ധിച്ചും പ്രയോജ്യമാവുന്നതാണ്.

39. ബാങ്ക് ഉദ്യോഗസ്ഥന്മാർ വില്പനകളിൽ വിളിക്കൊള്ളാൻ പാടില്ലെന്ന്.—കേന്ദ്രപണയബാങ്കിനോ ഏതെങ്കിലും പ്രൈമറി പണയബാങ്കിനോ കിട്ടേണ്ട വല്ല തുകയും വസൂലാക്കുന്നതിന്, ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം നടത്തിയ, സ്ഥാവരമോ ജംഗമമോ ആയ ഏതെങ്കിലും വസ്തുവിന്റെ വില്പനയിൽ, അതതു സംഗതിപോലെ കേന്ദ്രപണയബാങ്കിലെയോ അപ്രകാരമുള്ള പ്രൈമറി പണയബാങ്കിലെയോ ഡയറക്റ്ററോ, സെക്രട്ടറിയോ, മറ്റുദ്യോഗസ്ഥനോ (അദ്ദേഹം ആ ബാങ്കിന്റെ ഡയറക്റ്ററോ, സെക്രട്ടറിയോ, മറ്റുദ്യോഗസ്ഥനോ ആയിരിക്കുമ്പോൾ ആ ബാങ്കിനുവേണ്ടിയല്ലാതെ)

വില്പന ഉദ്യോഗസ്ഥനോ, ആ വില്പനയെ സംബന്ധിച്ച് എന്തെങ്കിലും കർത്തവ്യം നിർവ്വഹിക്കേണ്ടതായിട്ടുള്ള മററ് ആളോ, പ്രത്യക്ഷമായോ പരോക്ഷമായോ വല്ല വസ്തുവിലും ഉള്ള വല്ല അവകാശബന്ധവും വിലയ്ക്കുകൊള്ളുകയോ, സമ്പാദിക്കുകയോ, സമ്പാദിക്കാൻ ശ്രമിക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

40. ബോർഡ് അധികാരങ്ങൾ ഏല്പിച്ചുകൊടുക്കൽ.—ബോർഡിന് യുക്തമെന്നു തോന്നുന്നപക്ഷം, 12, 19, 25 എന്നീ വകുപ്പുകൾ പ്രകാരം അതിനുള്ള അധികാരങ്ങൾ സകലതുമോ ഏതാനുമോ അതു സംഘടിപ്പിച്ചിട്ടുള്ളതും, അതിലെ രണ്ടോ അതിൽ കൂടുതലോ അംഗങ്ങൾ അടങ്ങിയിട്ടുള്ളതുമായ ഏതെങ്കിലും കാര്യനിർവ്വഹണസമിതിക്ക് ഏല്പിച്ചുകൊടുക്കാവുന്നതാണ്.

41. ബ്രാഞ്ചുബാങ്കുകൾ ആരംഭിക്കൽ.—രജിസ്ട്രാരുടെ മുന്നനുവാദത്തോടുകൂടി, ബോർഡിന്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം സൗകര്യമുള്ള കേന്ദ്രങ്ങളിൽ, കേന്ദ്രപണയബാങ്കിന്റെ ബ്രാഞ്ചുകൾ അതതു സമയം ആരംഭിക്കാവുന്നതും, അവ മുഖേന പ്രവർത്തനങ്ങൾ നടത്താവുന്നതുമാകുന്നു.

42. റഗുലേഷൻ ഉണ്ടാക്കുന്നതിന് ബോർഡിന്റെ അധികാരം.—1951-ലെ തിരുവിതാംകൂർ-കൊച്ചി പരസ്പരസഹായസംഘ ആക്റ്റിലോ, 1932-ലെ മദിരാശി പരസ്പരസഹായസംഘ ആക്റ്റിലോ, മേൽ പറഞ്ഞ ആക്റ്റുകൾ പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ബോർഡിന്, പ്രൈമറി പണയബാങ്കുകളുടെ മേൽനോട്ടം നടത്താനുള്ള സാമാന്യാധികാരമുണ്ടായിരിക്കുന്നതും, താഴെപ്പറയുന്ന ആവശ്യങ്ങൾക്കുവേണ്ടി ഈ ആക്റ്റിനോ, അതുപ്രകാരമുണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കോ വിപരീതമല്ലാത്ത റഗുലേഷൻ ഉണ്ടാക്കാവുന്നതുമാകുന്നു.

(എ) അക്കൗണ്ടുബുക്കുകളും പ്രൈമറി പണയബാങ്കുകളുടെ നടപടികളും പരിശോധിക്കുക.

(ബി) പ്രൈമറി പണയ ബാങ്കുകൾ, അവയുടെ ഇടപാടുകളെ സംബന്ധിച്ചു തവണക്കണക്കുകളും റിപ്പോർട്ടുകളും സമർപ്പിക്കുക.

(സി) പ്രൈമറി പണയ ബാങ്കുകളും കേന്ദ്രപണയബാങ്കും തമ്മിലുള്ള കണക്കുകൾ ആനുകാലികമായി ഒത്തുതീർക്കുകയും, കേന്ദ്രപണയ ബാങ്കിന് കൈമാററം ചെയ്തിട്ടുള്ളതോ, 23-ാം വകുപ്പിലെ വ്യവസ്ഥകൾപ്രകാരം കൈമാററം ചെയ്തതായി കരുതപ്പെടുന്നതോ ആയ പണയങ്ങളിന്മേൽ പ്രൈമറി പണയ ബാങ്കുകൾ വസൂലാക്കിയ തുകകൾ നൽകുകയും ചെയ്യുക.

(ഡി) വായ്പകൾക്കുവേണ്ടി പ്രൈമറി പണയ ബാങ്കുകൾക്ക് ഏതു ഫാറത്തിലാണ് അപേക്ഷകളയയ്ക്കേണ്ടത്, ആ ഫാറം നിർണ്ണയിക്കുകയും ആ വായ്പകൾക്ക് ഉറപ്പായി നൽകിയിട്ടുള്ള വസ്തുക്കളുടെ വില നിശ്ചയിക്കുകയും ചെയ്യുക.

(ഇ) പണയക്കാരിൽനിന്നു വസൂലാക്കിയ പണം നിക്ഷേപിക്കുക.

(എഫ്) ബന്ധപ്പെട്ട കക്ഷികളുടെ താല്പര്യങ്ങൾ പൊതുവായി സംരക്ഷിക്കുകയും, ഈ ആക്റ്റിന്റെ ഉദ്ദേശങ്ങൾ നടപ്പാക്കുകയും ചെയ്യുക.

43. കൊച്ചി പരസ്പരസഹായ ഭൂപണയ ബാങ്കിന്റെ ചില അവകാശങ്ങളും ബാദ്ധ്യതകളും ആ ബാങ്കിൽതന്നെ തുടരേണ്ടതാണെന്ന്.—ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് നടപ്പിലായപ്പോൾ നിലവിലിരുന്ന കൊച്ചി പരസ്പരസഹായ ഭൂപണയ ബാങ്കിന്റെ എല്ലാ ആസ്തികളും അവകാശങ്ങളും ബാദ്ധ്യതകളും, മേല്പറഞ്ഞ ബാങ്കിന്റെ ആസ്തികളും അവകാശങ്ങളും ബാദ്ധ്യതകളും ആയി തുടരേണ്ടതും, 1111-ലെ 25-ാം കൊച്ചി പരസ്പരസഹായ ഭൂപണയ ആക്റ്റിലെ വ്യവസ്ഥകൾ ആ ആസ്തികളെയും അവകാശങ്ങളെയും ബാദ്ധ്യതകളെയും സംബന്ധിച്ചിടത്തോളം പ്രയോജ്യമാകേണ്ടതുമാണ്.

44. <u>റദ്ദാക്കൽ.</u>—മലബാറിൽ നടപ്പിലുള്ള 1932-ലെ മദിരാശി പരസ്പര സഹായ ഭൂപണയ ബാങ്ക് ആക്റ്റ് 43-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി 1111-ലെ 25-ാം കൊച്ചി പരസ്പരസഹായ ഭൂപണയ ബാങ്ക് ആക്റ്റും ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

ഉദ്ദേശകാരണങ്ങളുടെ വിവരണം.

സംസ്ഥാനത്തെ മലബാർ പ്രദേശത്തുള്ള പരസ്പരസഹായ ഭൂപണയ ബാങ്കുകളുടെ പ്രവർത്തനം സുകരമാക്കിത്തീർക്കുന്ന നിയമം 1934-ലെ മദിരാശി പരസ്പര സഹായ ഭൂപണയ ബാങ്ക് ആക്റ്റാണ്. സംസ്ഥാനത്തെ കൊച്ചി പ്രദേശത്ത് പ്രവർത്തിക്കുന്ന കൊച്ചി പരസ്പര സഹായ ഭൂപണയ ബാങ്ക് 1111-ലെ 25-ാം കൊച്ചി പരസ്പരസഹായ ഭൂപണയ ബാങ്ക് ആക്റ്റിനാൽ ആണ് നിയന്ത്രിക്കപ്പെടുന്നത്. സംസ്ഥാനത്തെ തിരുവിതാംകൂർ പ്രദേശത്ത്, ദീർഘകാലവായ്പകളെ സംബന്ധിച്ചിടത്തോളം യാതൊരു പരസ്പരസഹായ ഏജൻസിയും നിലവിൽ ഇല്ലായിരുന്നു. ഒരു ജോയിൻറ് സ്റ്റാക്ക് ബാങ്കായിരുന്നതും 1113-ലെ 4-ാം തിരുവിതാംകൂർ ക്രെഡിററ് ബാങ്ക് ആക്റ്റിൻെറ നിയന്ത്രണത്തിലായിരുന്നതുമായ തിരുവിതാംകൂർ ക്രെഡിററ് ബാങ്കായിരുന്നു ആ പ്രദേശത്ത് പ്രവർത്തിച്ചിരുന്നത്. തിരുവിതാംകൂർ ക്രെഡിററ് ബാങ്ക് ലിക്വിഡേററ് ചെയ്യുകയും, കേരള സംസ്ഥാനത്തിനൊട്ടാകെ ദീർഘകാല വായ്പയുടെ ആവശ്യങ്ങൾ നിറവേററുന്നതിന് കേരള പരസ്പര സഹായ കേന്ദ്ര ഭൂപണയ ബാങ്ക് രജിസ്റ്റർ ചെയ്യുകയും ചെയ്തു. കേരള പരസ്പരസഹായ കേന്ദ്ര ഭൂപണയ ബാങ്ക് കേന്ദ്രധനസഹായ ഏജൻസിയായിരിക്കണമെന്നും, മലബാറിലെ ഭൂപണയ ബാങ്കുകളും കൊച്ചി പരസ്പര സഹായ ഭൂപണയ ബാങ്കും പ്രൈമറി പണയ ബാങ്കുകളായിരിക്കണമെന്നും ഉള്ളതാണ് പദ്ധതി.

കേന്ദ്രപണയ ബാങ്കിൻെറയും പ്രൈമറി പണയ ബാങ്കുകളുടെയും പ്രവർത്തനം സുകരമാക്കിത്തീർക്കുന്നതിന് ഏകരൂപത്തിലുള്ള ഒരു നിയമം ഉണ്ടാക്കേണ്ടത് ആവശ്യമാണെന്ന് കരുതുന്നു. ഈ കാര്യത്തിനാണ് ഈ ബിൽ ഉദ്ദിഷ്ടമായിരിക്കുന്നത്.
